ഭരണഭാഷ - മാതൃഭാഷ

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ( കേരളം )

DEE-KZKD/978/2018 -A1

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,
കോഴിക്കോട്. തീയതി : 19/02/2018
☎ 0495 2370179,
✉: deekzhd.emp.lbr@kerala.gov.in

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ
കോഴിക്കോട്.

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
ജില്ലാ സാമൂഹ്യ നീതി ഓഫീസ്
സിവിൽ സ്റ്റേഷൻ
കോഴിക്കോട്

മാന്യരെ

വിഷയം : - വിവരാവകാശ നിയമം 2005 -അപേക്ഷ മേൽ നടപടിയ്ക്കായി അയയ്ക്കുന്നത് - സംബന്ധിച്ച്

സൂചന : - 15-02-18 തീയ്യതിയിൽ പി.പി. ലീല ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ

* * * *

സൂചന പ്രകാരം ശ്രീമതി.പി.പി.ലീല ഈ കാര്യാലയത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി താങ്കളുടെ ഓഫീസിന്റെ പരിധിയിലായതിനാൽ മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ഒറിജിനൽ അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ
കോഴിക്കോട്.

അ 23.02.18

109438/18

# വിവരാവകാശ നിയമം 2005

10रु. Rs.10 COURT FEE भारत INDIA दस रुपये TEN RUPEES

പ്രേക്ഷിതൻ,


പി പി ലീല
ആലഞ്ചേരി പറമ്പ്
പെരുമണ്ണ പോസ്റ്റ്
കോഴിക്കോട്-673 026 ഫോൺ. **9400223686**


A1 15/2/18

സ്വീകർത്താവ്,

സ്റ്റേറ്റ് പബ്ളിക്ക് ഇൻഫോർമേഷൻ ഓഫീസർ
ജില്ലാ എംപ്ളോയ്മെന്റ് ഓഫീസറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്

സൂചിക. ( 1 ) ജി. ഒ (പി )32/98/പി ആന്റ് എ ആർ ഡി തീയ്യതി 28/09/1998
( 2 ) ജി. ഒ (പി )10/99/പി ആന്റ് എ ആർ ഡി തീയ്യതി 17/05/1999
( 3 ) ജി. ഒ (പി )18/99/പി ആന്റ് എ ആർ ഡി തീയ്യതി 13/10/1999

സർ,

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തോടനുബന്ധിച്ച്, 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 9 ( എ ) ( 1 ) പ്രകാരം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി 01-01-1997 മുതൽ 14-08-1998 വരെയുള്ള കാലയളവിൽ ഏതെങ്കിലും ദിവസം താൽക്കാലികമായി ജോലി ചെയ്ത വികലാംഗ ജീവനക്കാർക്ക് പുനർനിയമനം നൽകുന്നതിന് സൂചിക 1, 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി പുനർനിയമനം ക്രമവൽക്കരിക്കാൻ സുചിക 3 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ ഓഫീസുകളിൽ എത്ര ജീവനക്കാർക്ക് സുചിക 3 ലെ ഉത്തരവ് പ്രകാരം ക്രമവൽക്കരണത്തിന്റെ ആനുകൂല്യം നൽകിയിയ വിവരങ്ങൾ ബന്ധപ്പെട്ട എത്ര ഓഫീസ് അധികാരികൾ അങ്ങയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്? ആയത് പ്രകാരം ടി ഓഫീസുകളുടെ മേൽവിലാസവും, ടി കത്തുകളുടെ പകർപ്പും, ക്രമവൽക്കരണം നടത്തിയ ഉത്തരവുകളുടെ പകർപ്പും വിവരാവകാശ നിയമപ്രകാരം അനുവദിക്കാൻ അപേക്ഷിക്കുന്നു. പൂർണ്ണമായ വിവരങ്ങൾ അങ്ങയുടെ ഓഫീസിൽ ലഭ്യമല്ലങ്കിൽ, ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്ന ഓഫീസിലേക്ക്, വിവരാവകാശ നിയമം സെക്ഷൻ 6 (3) ൽ നിർവ്വചിക്കുന്ന പ്രകാരം, ബന്ധപ്പെട്ട ഓഫീസിലെ സ്റ്റേറ്റ് പബ്ളിക്ക് ഇൻഫോർമേഷൻ ഓഫീസർക്ക് അയച്ചുകൊടുത്ത് വിവരം ലഭ്യമാക്കാൻ നിർദ്ദേശം നൽകുവാനും വിനീതമായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

കോഴിക്കോട്

12-02-18

പി പി ലീല